# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2486** **05/02/2018-ൽ മറുപടിയ്ക്ക്**

## നോട്ട് നിരോധനം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) നോട്ടുനിരോധനം വരുത്തിവച്ച ആഘാതത്തിൽ നിന്ന് സഹകരണമേഖല പൂർണ്ണമായും മുക്തിനേടിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | നോട്ട് നിരോധനം വരുത്തി വച്ച ആഘാതത്തിൽ നിന്ന് സഹകരണ മേഖല പൂർണമായും മുക്തി നേടിയിട്ടില്ല. നോട്ട് നിരോധനത്തിന്റെ ഭാഗമായി സഹകരണ മേഖലയിൽ നിക്ഷേപത്തിലും, വായ്പാ തിരിച്ചടവിലും ഗണ്യമായ കുറവ് സംഭവിച്ചിട്ടുണ്ട്. നോട്ട് നിരോധനം തൊഴിൽ മേഖലയെ ബാധിച്ചതു കാരണം വായ്പാ തിരിച്ചടവ് കുറയുകയും വായ്പാ കുടിശ്ശിക വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും, ലാഭം കുറയ്ക്കുകയും ചെയ്തു. സ്ഥിര നിക്ഷേപങ്ങൾ പുതുക്കുകയല്ലാതെ പുതിയ നിക്ഷേപങ്ങൾ നടത്തുന്നില്ല. മേൽ കാരണങ്ങൾ സഹകരണ മേഖലയുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കിയിട്ടുണ്ട്. |
| (ബി) സഹകരണ മേഖലയിൽ നോട്ടുനിരോധനം വരുത്തിവച്ച പ്രശ്നങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ഒരാഴ്ചയിൽ 24,000/- രൂപ മാത്രമേ ഒരു അക്കൗണ്ടിൽ നിന്നും പിൻവലിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. സഹകരണ മേഖലയിലെ 1.90 കോടി ഇടപാടുകാരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഈ തുക അപര്യാപ്തമായിരുന്നു. സാധുവായ കറൻസി ഉപയോഗിച്ച് നാമമാത്രമായ ഇടപാടുകൾ മാത്രമേ സംഘങ്ങളിൽ നടന്നുള്ളു. സംഘങ്ങളുടെ വായ്പാ വിതരണവും, തിരിച്ചടവും നിക്ഷേപവുമുൾപ്പെടെ ഇടപാടുകൾ തടസ്സപ്പെട്ടു. വായ്പേതര പ്രവർത്തനങ്ങൾ നടത്തുന്ന പ്രാഥമിക സംഘങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ മുടങ്ങി. പ്രാഥമിക സംഘങ്ങളിൽ അക്കൗണ്ടുള്ള അംഗങ്ങൾ അവരുടെ എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ച തുക ജില്ലാ സഹകരണ ബാങ്കിലെ കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ട സാഹചര്യം ഉണ്ടായി. സഹകരണ മേഖലയെ ആശ്രയിക്കുന്ന ഗ്രാമീണ ജനതയുടെ ദൈനംദിന സാമ്പത്തികാവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വന്നു. |

| | | |
|---|---|---|
| | | സംഘങ്ങളുടെ പ്രധാന പ്രവർത്തനമായ വായ്പാ വിതരണവും തിരിച്ചടവും, നിക്ഷേപവുമുൾപ്പെടെയുള്ള ഇടപാടുകൾ തടസ്സപ്പെട്ടു. ആവശ്യമായ നിക്ഷേപ തുക പിൻവലിക്കുവാൻ കഴിയാതെ വന്നത് സാധാരണക്കാരുടെ ദുരിതം വർദ്ധിപ്പിച്ചു. ദൈനംദിന സാമ്പത്തിക ആവശ്യങ്ങൾക്ക് സഹകരണ ബാങ്കുകളെ ആശ്രയിച്ചിരുന്ന ഗ്രാമീണ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ കഴിയാതിരുന്നത് ജനജീവിതം ദുരിത പൂർണ്ണമാക്കി. സഹകരണ ബാങ്കുകൾ/സംഘങ്ങളുടെ വായ്പാകുടിശ്ശിക വർദ്ധിച്ചു. ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തതയെ നോട്ട് പിൻവലിക്കൽ മൂലമുണ്ടായ പ്രതിസന്ധി പ്രതികൂലമായി ബാധിച്ചു.<br><br>നോട്ട് നിരോധനത്തിന് ശേഷം സഹകരണ ബാങ്കുകളുടെ അറ്റനിക്ഷേപത്തിൽ 6386.18 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. സഹകരണ ബാങ്കുകൾ നൽകിയ വായ്പയിൽ ഏകദേശം 30 ശതമാനം കുറവ് വന്നിട്ടുണ്ട്. വായ്പാ തിരിച്ചടവിൽ 44.2% കുറവ് വന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**